**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1638** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** വികസിത ഭാരത് ഗാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ഈ സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ചിട്ടുള്ള വിഹിതം എത്ര രൂപയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വികസിത് ഭാരത്- ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ - ഗ്രാമീൺ പദ്ധതിയിൽ ഈ സാമ്പത്തിക വർഷം കേരളത്തിന് കേന്ദ്രവിഹിതമായി ₹3136.44 കോടിയും സംസ്ഥാന വിഹിതമായി ₹1431.5 കോടിയും വകയിരുത്തിയിട്ടുണ്ട്.

**(ബി)** പ്രസ്തുത തുകയിൽ ഏകദേശം എത്ര ശതമാനം തുക അതിവിദഗ്ധ തൊഴിൽദിനങ്ങൾക്കായി മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2005 പ്രകാരവും ആ നിയമം ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച വികസിത ഭാരത്-ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ - ഗ്രാമീൺ, 2025 നിയമ പ്രകാരവും തൊഴിലാളികൾക്ക് അവിദഗ്ധ (Unskilled), അർദ്ധവിദഗ്ധ (Semi-skilled), വിദഗ്ധ (Skilled) എന്നീ തൊഴിൽ ദിനങ്ങളാണ് നൽകി വരുന്നത്. ടി പദ്ധതി പ്രകാരം അതിവിദഗ്ധ തൊഴിൽ ദിനങ്ങൾ എന്ന വിഭാഗം ഇല്ല. എന്നാൽ അനുവദിച്ച വിഹിതത്തിൽ ഏകദേശം 84% തുക അവിദഗ്ധ തൊഴിൽ ദിനങ്ങൾക്കായി മാറ്റിവെയ്ക്കാൻ ഉദ്ദേശിക്കുന്നു.

**(സി)** പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക പൂർണമായും വിനിയോഗിക്കാൻ കഴിയുമോ; എങ്കിൽ അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** വികസിത് ഭാരത് - ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ - ഗ്രാമീൺ പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കാർഷിക കാലങ്ങളിൽ തൊഴിലാളികളെ ലഭ്യമാക്കാൻ ഒരു വർഷത്തിൽ 60 ദിവസങ്ങൾ പദ്ധതി നിർത്തിവെയ്ക്കാൻ പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ട്. പുതിയ പദ്ധതി നടപ്പിലാക്കി പദ്ധതിയുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ മാത്രമേ ഇതിനെ കുറിച്ച് കൂടുതൽ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**